# ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം

*(പബ്ലിക് ഓഫീസ് കോമ്പൗണ്ട്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-33)*
*(ഹാജർ. ശ്രീ. എൻ. പത്മകുമാർ.ഐ.എ.എസ്.)*

എൽ.ആർ.എൻ1/30/2016 — തീയതി 31-01-2017

വിഷയം : റവന്യൂ വകുപ്പ് - ഹയർ സർവ്വെ പരിശീലനം -തിരുവനന്തപുരം, കോഴിക്കോട് കേന്ദ്രങ്ങൾ- ജീവനക്കാരെ പരിശീലന പരിപാടിയിൽ നിന്ന് ഒഴിവാക്കുന്നതും നടപടിക്രമം പുനഃ ക്രമീകരിക്കുന്നതും സംബന്ധിച്ച്

സൂചന :
1) ഈ കാര്യാലയത്തിലെ 23-01-2017 - ലെ എൽ.ആർ.(എൻ.1) 30/2016 നമ്പർ നടപടിക്രമം
2) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 28/01/2017 ലെ എസ്.7-9769/17 നമ്പർ കത്ത്.
3) ശ്രീ.കെ.മണിക്കുട്ടൻ,റവന്യൂ ഇൻസ്പെക്ടർ, ആർ.ആർ ഓഫീസ്,തിരുവനന്തപുരം സമർപ്പിച്ച 24/01/2017 ലെ അപേക്ഷ.
4) കൊല്ലം ജില്ലാ കളക്ടറുടെ 30/01/2017 ലെ ഇ.4-56235/16 നമ്പർ കത്ത്.
5) പത്തനംതിട്ട ജില്ലാ കളക്ടറുടെ 27/01/2017 ലെ എസ്.2-16/16 നമ്പർ കത്ത്.
6) ആലപ്പുഴ ജില്ലാ കളക്ടറുടെ 27/01/2017 ലെ എ.1-200/16 നമ്പർ കത്ത്.
7) ഇടുക്കി ജില്ലാ കളക്ടറുടെ 27/01/2017 ലെ എ1-09/17 നമ്പർ കത്ത്.
8) എറണാകുളം ജില്ലാ കളക്ടറുടെ 30/01/2017 ലെ ഇ-മെയിൽ സന്ദേശം
9) തൃശ്ശൂർ ജില്ലാ കളക്ടറുടെ 30/01/2017 ലെ എ1-.16/17 നമ്പർ കത്ത്.
10) പാലക്കാട് ജില്ലാ കളക്ടറുടെ 28/01/2017 ലെ എസ്.3-2017/7/9 നമ്പർ കത്തുകൾ.
11) മലപ്പുറം ജില്ലാ കളക്ടറുടെ 28/01/2017 ലെ എ1/4138/2017(1) നമ്പർ കത്തും നടപടിക്രമവും.
12) കോഴിക്കോട് ജില്ലാ കളക്ടറുടെ 24/01/2017 , 27/01/2017 എന്നീ തീയതികളിലെ എ5-22343/14 നമ്പർ കത്തുകൾ.
13) വയനാട് ജില്ലാ കളക്ടറുടെ 30/01/2017 ലെ എ1/2016/27675/12 നമ്പർ കത്ത്.
14) മട്ടന്നൂർ സ്പെഷ്യൽ തഹസിൽദാർ(എൽ.എ) എയർപോർട്ട് ഓഫീസ് നം.1 സമർപ്പിച്ച 25/01/2017 ലെ ഡി1647/13 നമ്പർ കത്ത്
15) കണ്ണൂർ താലൂക്ക് ഓഫീസ, ഡെപ്യൂട്ടി തഹസിൽദാർ, ശ്രീ.ബാബു.കെ.എം സമർപ്പിച്ച അപേക്ഷ.
16) കാസർഗോഡ് ജില്ലാ കളക്ടറുടെ 30/101/2017 ലെ എ1-23/17 നമ്പർ കത്ത്.

സൂചന (1) പ്രകാരമുള്ള നടപടിക്രമം പ്രകാരം തിരുവനന്തപുരം, കോഴിക്കോട് കേന്ദ്രങ്ങളിൽ 01-02-2017 മുതൽ 30-03-2017 വരെ നടക്കുന്ന ഹയർ സർവ്വെ പരിശീലനത്തിനായി ജീവനക്കാരെ നിയോഗിച്ചുത്തരവായിരുന്നു. ജില്ലാ ക്രമത്തിൽ റിലിംഗ്വിഷ്മെന്റ് നടപടിയും പകരം ജീവനക്കരെ നിയോഗിച്ചും താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

തിരുവനന്തപുരം

സൂചന (2) , (3) എന്നിവയുടെ അടിസ്ഥാനത്തിൽ യഥാക്രമം ശ്രീ.രാധാകൃഷ്ണൻ നായരെയും (ക്രമ നം.1) ശ്രീ.മണിക്കുട്ടനെയും (ക്രമ നം.2) തിരുവനന്തപുരം പരിശീലനകേന്ദ്രത്തിൽ നിന്ന് ഒഴിവാക്കുന്നു.

കൊല്ലം

സൂചന (4) പ്രകാരം ശ്രീ.ജി.അനിൽകുമാറിനെ (ക്രമ നം.6) തിരുവനന്തപുരം പരിശീലന കേന്ദ്രത്തിൽ നിന്ന് ഒഴിവാക്കുന്നു.

പത്തനംതിട്ട

സൂചന (5) പ്രകാരം ശ്രീമതി.ഷെജി.ജെ(ക്രമനം.9),ശ്രീമതി.ശ്രീലത.കെ(ക്രമനം.10),ശ്രീമതി സിന്ധു വി.ടി (ക്രമനം.11), ശ്രീ.മുഹമ്മദ് ഷാഫി.എം.എസ് (ക്രമനം.12) എന്നിവരെ തിരുവനന്തപുരം പരിശീലനകേന്ദ്രത്തിൽ നിന്ന് ഒഴിവാക്കുന്നു.

ആലപ്പുഴ

സൂചന (6) പ്രകാരം ശ്രീമതി.രാധാമണി.കെ.എസ്(ക്രമനം.13), ശ്രീ.ശ്രീകുമാർ.കെ.എസ് (ക്രമനം.14), ശ്രീമതി ഗീത കെ.ആർ (ക്രമനം.27) എന്നിവരെ തിരുവനന്തപുരം പരിശീലനകേന്ദ്രത്തിൽ നിന്ന് ഒഴിവാക്കുന്നു.

ഇടുക്കി

സൂചന (7) പ്രകാരം ഇടുക്കി ജില്ലയിൽ പട്ടയ വിതരണം നടക്കുന്നതിനാൽ എല്ലാ ജീവനക്കാരെയും പരിശീലന പരിപാടിയിൽ നിന്ന് ഒഴിവാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളതിനാൽ തിരുവനന്തപുരം പരിശീലനകേന്ദ്രത്തിലെ ക്രമ നമ്പർ 19,20,21,22-ൽ പ്പെട്ട ശ്രീ.ആന്റണി ജോസഫ്, ശ്രീ.അനിൽകുമാർ.എം, ശ്രീ.അനൂപ് എ.ലത്തീഫ്, ശ്രീ.മഞ്ജിത്ത് ബി എന്നിവരെ പരിശീലനത്തിൽ നിന്ന് ഒഴിവാക്കുന്നു.

എറണാകുളം

സൂചന (8) പ്രകാരം ശ്രീമതി.മേരി പ്രിയ പോൺസേക്ക (ക്രമനം.24), ശ്രീ.സൈജുപോൾ (ക്രമനം.25), ശ്രീ.മധു.ബി (ക്രമനം.26) എന്നിവരെ തിരുവനന്തപുരം പരിശീലനകേന്ദ്രത്തിൽ നിന്നും ശ്രീമതി.സജിത.പി.എ (ക്രമനം.1) -കോഴിക്കോട് പരിശീലനകേന്ദ്രത്തിൽ നിന്നും ഒഴിവാക്കുന്നു.

തൃശ്ശൂർ

സൂചന (9) പ്രകാരം ശ്രീമതി.ബീന കെ.ആർ (ക്രമനം.28) എന്നവരെ തിരുവനന്തപുരം പരിശീലനകേന്ദ്രത്തിൽ നിന്നും ശ്രീമതി.ജയശ്രീ കെ.എസ്. (ക്രമനം.2) എന്നവരെയും മുമ്പ് സർവെ പരിശീലനത്തിന് നിയോഗിച്ചിട്ടുള്ള ശ്രീ.അനൂപ് സി.വി (ക്രമ നം.4)-യെയും കോഴിക്കോട് പരിശീലനകേന്ദ്രത്തിൽ നിന്നും ഒഴിവാക്കുന്നു.

പാലക്കാട്

സൂചന (10) പ്രകാരം ശ്രീ.ചന്ദ്രബാബു(ക്രമനം.31) എന്നവരെ തിരുവനന്തപുരം പരിശീലനകേന്ദ്രത്തിൽ നിന്നും ഒഴിവാക്കികൊണ്ടും പകരം പാലക്കാട് എൽ.എ നം.2,സ്പെഷ്യൽ തഹസിൽദാർ ഓഫീസിലെ സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടറായ ശ്രീ.എം.രാജീവ്കുമാറിനെ

നിയോഗിച്ചുകൊണ്ടും ശ്രീ.പി.എൻ.ശശികുമാർ (ക്രമനം.5), ശ്രീ.കണ്ണൻ(ക്രമനം.6) എന്നിവരെ കോഴിക്കോട് പരിശീലനകേന്ദ്രത്തിൽ നിന്നും ഒഴിവാക്കിക്കൊണ്ടും ഉത്തരവാകുന്നു.

പാലക്കാട് ജില്ലാ കളക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പട്ടാമ്പി താലൂക്ക് ഓഫീസിലെ ഡെപ്യൂട്ടി തഹസിൽദാരായ ശ്രീമതി.കെ.വി.രാധാമണിയെ കോഴിക്കോട് കേന്ദ്രത്തിൽ പരിശീലനത്തിനായി നിയോഗിക്കുന്നു.

<u>മലപ്പുറം</u>

സൂചന (11) പ്രകാരം ശ്രീമതി.കെ.റജീന (ക്രമനം.11) എന്നവരെ കോഴിക്കോട് പരിശീലനകേന്ദ്രത്തിൽ നിന്നും ഒഴിവാക്കുന്നു. ടിയാൾക്ക് പകരമായി പയ്യനാട് വില്ലേജ് ഓഫീസറായ ശ്രീ.അബ്ദുൾ അസീസ് എന്നവരെ പരിശീലനത്തിനായി നിയോഗിച്ച മലപ്പുറം ജില്ലാ കളക്ടറുടെ നടപടി സാധൂകരിച്ചും ചോക്കാട് വില്ലേജ് ഓഫീസറായ ശ്രീ.ജെ.ഷാജുവിനെ തിരുവനന്തപുരം പരിശീലനകേന്ദ്രത്തിലേക്കന നിയോഗിച്ചുകൊണ്ടും ഉത്തരവാകുന്നു. കോഴിക്കോട് ജില്ലയിൽനിന്നും സ്ഥലം മാറി വന്ന ശ്രീ.ബാബു.കെ.സി (ക്രമ നം.13) എന്നവരെ പരിശീലനത്തിനായി വിടുതൽ ചെയ്യേണ്ടതാണ്.

<u>കോഴിക്കോട്</u>

സൂചന (12) പ്രകാരം കോഴിക്കോട് സർവെ പരിശീലനകേന്ദ്രത്തിൽ പരിശീലനത്തിനായി നിയോഗിച്ച ഇടുക്കി ജില്ലയിലേക്ക് സ്ഥലം മാറിപ്പോയ ശ്രീമതി. ഷൈനിമോൾ ഐസക് (ക്രമ നം.14) എന്നവർക്ക് പകരമായി കോഴിക്കോട് കളക്ടറേറ്റിലെ ഹെഡ് ക്ലർക്കായ ശ്രീ.അനിൽകുമാർ സി. എന്നവരെ പരിശീലനത്തിനായി നിയോഗിച്ച കോഴിക്കോട് ജില്ലാ കളക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.കോഴിക്കോട് ജില്ലാ കളക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ എൽ.എ.എൻ.എച്ച് (കുറ്റിപ്പുറം-കണ്ണൂർ) കാര്യാലയത്തിലെ ജൂനിയർ സുപ്രണ്ടായ ശ്രീ.ടി.കെ.ആനന്ദ് കുമാർ എന്നവരെ കോഴിക്കോട് സർവെ പരിശീലനകേന്ദ്രത്തിൽ പരിശീലനത്തിനായി നിയോഗിച്ചും ഉത്തരവാകുന്നു.

<u>വയനാട്</u>

സൂചന (13) പ്രകാരം ശ്രീ.സുജിത് ജോസി (ക്രമനം.16) എന്നവരെ കോഴിക്കോട് പരിശീലനകേന്ദ്രത്തിൽ നിന്നും ഒഴിവാക്കുന്നു.

<u>കണ്ണൂർ</u>

സൂചന (14) പ്രകാരം ശ്രീ.ഉണ്ണികൃഷ്ണൻ നായരെ (ക്രമനം.35) തിരുവനന്തപുരം പരിശീലനകേന്ദ്രത്തിൽ നിന്ന് ഒഴിവാക്കിക്കൊണ്ടും പകരം സ്പെഷ്യൽ തഹസിൽദാർ എൽ.എ നം.2 കണ്ണൂർ എയർപോർട്ട്, മട്ടന്നൂർ കാര്യാലയത്തിലെ വാലേഷൻ അസിസ്റ്റന്റ് ശ്രീമതി.ഹയറുന്നീസ എൻ. എന്നവരെ നിയോഗിച്ചുകൊണ്ടും സൂചന(15)-ന്റെ അടിസ്ഥാനത്തിൽ ശ്രീ.ബാബു.കെ.എം എന്നവരെ കോഴിക്കോട് പരിശീലനകേന്ദ്രത്തിലേക്ക് നിയോഗിച്ചുകൊണ്ടും ഉത്തരവാകുന്നു.

<u>കാസർഗോഡ്</u>

സൂചന (15) പ്രകാരം ശ്രീമതി.സീമ.കെ (ക്രമനം.19), ശ്രീമതി.രമണി എ.(ക്രമ നം.20) എന്നിവരെ കോഴിക്കോട് പരിശീലനകേന്ദ്രത്തിൽ നിന്ന് ഒഴിവാക്കിക്കൊണ്ടും കടമ്പാർ വില്ലേജ് ഓഫീസറായ ശ്രീ. ഡി.ആർ. അജിലാലിനെ തിരുവനന്തപുരം പരിശീലനകേന്ദ്രത്തിലേക്ക് നിയോഗിച്ചുകൊണ്ടും ഉത്തരവാകുന്നു.

തിരുവനന്തപുരം പരിശീലന കേന്ദ്രത്തിൽ ക്രമ നം.40 ആയി നിയോഗിച്ച പരിശീലനാർത്ഥിയുടെ പേര് ശ്രീ.ജയചന്ദ്രൻ.ബി എന്ന് തിരുത്തി വായിക്കേണ്ടതാണ്.

**പരിശീലനം റിലിങ്ക്വിഷ് ചെയ്ത ജീവനക്കാരുടെ ഹയർ സർവെ പരിശീലനം സംബന്ധിച്ച യാതൊരുവിധ അവകാശങ്ങളും തർക്കങ്ങളും ഭാവിയിൽ പരിഗണിക്കപ്പെടുന്നതല്ല.**

പരിശീലനം റിലിങ്ക്വിഷ് ചെയ്ത ജീവനക്കാർക്ക് പകരം നിയോഗിച്ച ജീവനക്കാരെ 02-02-2017 ന് രാവിലെ 10- മണിയ്ക്ക് സർവ്വെയും ഭൂരേഖയും വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ (സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം, സർവ്വെ റേഞ്ച് ഓഫീസ്, കോഴിക്കോട്) മുമ്പാകെ ഹാജരാകണമെന്നുള്ള നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ/ജില്ലാ കളക്ടർമാർ വിടുതൽ ചെയ്യേണ്ടതാണ്. ടി ജീവനക്കാർ ഇതിനു മുമ്പ് ഹയർ സർവ്വെ പരിശീലനം നേടിയിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതും പരിശീലനത്തിനായി നിയോഗിക്കപ്പെട്ട വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്.

മേൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരെ പരിശീലനത്തിനായി വിടുതൽ ചെയ്ത വിവരവും ഇവർ പരിശീലനത്തിനായി ഹാജരായ വിവരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ കാര്യാലയത്തിൽ യഥാസമയം അറിയിക്കേണ്ടതാണ്.

(ഒപ്പ്)

**ജോയിന്റ് കമ്മീഷണർ**

കക്ഷികൾക്ക്

**(ജില്ലാ കളക്ടർ മുഖാന്തിരം)**

പകർപ്പ്

1. ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം
2. സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ, സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം.
3. അസിസ്റ്റന്റ് ഡയറക്ടർ സർവ്വെ റേഞ്ച് ഓഫീസ്, കോഴിക്കോട്
4. ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക്
5. ഐ.ടി. സെൽ
6. കരുതൽ ഫയൽ.
7.

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്